ണ്ടത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന ബോണസ്സു, അവധി, പ്രോവിഡൻറ ഫണ്ടു മുതലായ സംഗതികളെക്കുറിച്ചു ഗവൺമെൻറ ആലോചിച്ചുവരുന്നു.

വില കൂടുതൽ അലവൻസു്

*൪൩൯. (൩൪) ശ്രീ. കെ. എൻ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ. —

(എ) ഉദ്യോഗസ്ഥന്മാരുടെ വില കൂടുതൽ അലവൻസു വർദ്ധിപ്പിക്കണമെന്നു എൻ. ജി. ഒ. അസോസിയേഷനിൽനിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ?

(ബി) ഇതിനെ സംബന്ധിച്ചു് ഗവൺമെൻറിൽനിന്നും എന്തു നടപടിയാണു് കൈക്കൊണ്ടിട്ടുള്ളതു്?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ടു്.

(ബി) പ്രസ്തുത സംഗതി ഗവൺമെൻറിൻെറ അവഗാഢമായ പരിഗണനയിലിരിക്കുകയാണു്.

വെറ്ററിനറി ഡയറക്ടർ

*൪൭൦. (൩൬) ശ്രീ. കണ്ണാറ ഗോപാലപണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) തിരു-കൊച്ചി വെറ്ററിനറി ഡയറക്ടർ ഇൻറർമെഡിയറ പരീക്ഷ പാസ്സായിട്ടുള്ള ആളാണോ? പാസ്സായിട്ടുണ്ടെങ്കിൽ ഏതു കാളേജിൽനിന്നും, ഏതുകൊല്ലം?

(ബി) ഇന്നത്തെ വെറ്ററിനറി ഡയറക്ടർ വെറ്ററിനറി മെഡിസിനു് അംഗീകാരമുള്ള പോസ്റ്റ്ഗ്രാഡുവേറ ഡിപ്ലോമ എവിടെ നിന്നെങ്കിലും എടുത്തിട്ടുണ്ടോ? ഏതു യൂണിവേഴ്സിറ്റിയിൽ നിന്നാണു്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ ടി. കെ. നാരായണപിള്ള):

(എ) അതേ. മദ്രാസ് കുസ്റ്റ്യൻ കാളേജിൽനിന്നും ഫസ്റ്റ വൈ സെപ്റ്റംബർ മാസത്തിൽ ഇൻഡർമീഡിയറ് പരീക്ഷ പാസായിട്ടുണ്ടു്.

(ബി) പോസ്റ്റ് ഗ്രാഡുവേറ ഡിപ്ലോമ എടുത്തിട്ടില്ല.

വെറ്ററിനറി ഡിപ്പാർട്ടുമെണ്ടു്

*൪൭൧. (൩൭) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ—

(എ) ഗവൺമെണ്ടു് അംഗീകരിച്ച Retrenchment Scheme അനുസരിച്ചു് തിരുവിതാംകൂർ-കൊച്ചി വെറ്ററിനറി ഡിപ്പാർട്ടുമെൻറിൽനിന്നും എത്ര ഉദ്യോഗങ്ങൾ കുറവു ചെയ്തിട്ടുണ്ടു്;

(ബി) ഇതിൽ എത്രപേരെ പിരിച്ചുവിട്ടിട്ടുണ്ടു്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൫ ൦.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആരെയും പിരിച്ചുവിട്ടിട്ടില്ല.

നാണയക്കഴപ്പ്

*൪൭൫. (൪൦) ശ്രീമതി ദേവകി ഗോപിദാസ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നല്കുമോ.—

(എ) ഫൻ ൫൦ ഒക്ടോബർ ൪-ാംതീയതി ആലപ്പുഴ ട്രഷറിയിൽ ൨൭-ാംനമ്പർ റേഷൻ ഡിപ്പോയ്ക്കുവേണ്ടി പുന്നപ്ര കെ. പി. ജാൺ തിരുവിതാംകൂർ നാണയങ്ങൾ കൊടുക്കിയ അവസരത്തിൽ ട്രഷറി ഉദ്യോഗസ്ഥന്മാർ കൈക്കൂലി വാങ്ങിയതിനെ സംബന്ധിച്ചു ഗവൺമെണ്ടിലേക്ക് വല്ല പരാതിയും കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു?

നിയമവും, ധനകാര്യവും, റവന്യൂവുംവകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ഉണ്ട്.

(ബി) ഡിപ്പാർട്ടുമെണ്ടുമുഖാന്തിരം ഒരു അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്.

വിഴിഞ്ഞം ഡിസ്പെൻസറി

*൪൭൬. (൪൧) ശ്രീ. എസ്സ്. കുട്ടൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽ മന്ത്രി സദയം മറുപടി നൽകുമോ.—

(എ) നെയ്യാറ്റിൻകര താലൂക്കിൽ വിഴിഞ്ഞം എന്ന സ്ഥലത്തു നടത്തിവരുന്ന ഡിസ്പെൻസറി വാടകകെട്ടിടത്തിലാണോ നടത്തിവരുന്നത്?

(ബി) വിഴിഞ്ഞം ഡിസ്പെൻസറി നടത്തിവരുന്ന കെട്ടിടം ജീർണ്ണിച്ചുവീരിക്കുന്നു എന്ന വിവരം ബഹു. മെഡിക്കൽവകുപ്പുമന്ത്രി അറിയുകയും നേരിട്ടു സ്ഥലത്തുപോയി കാണുകയും ചെയ്തിട്ടുണ്ടോ?

(സി) വിഴിഞ്ഞം ഡിസ്പെൻസറി നടത്തുന്നതിനുള്ള പുതിയ കെട്ടിടത്തിന്റെ അസ്ഥിവാരം ഇട്ടിട്ടുണ്ടോ?

(ഡി) ഇട്ടിട്ടുണ്ടെങ്കിൽ അതു എപ്പോഴാണ്?

(ഇ) പ്രസ്തുത കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുന്നതിനു ഗവൺമെണ്ടിൽനിന്നും എന്തെങ്കിലും സഹായം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

നിയമവും, ധനകാര്യവും, റവന്യൂവുംവകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) അതേ.

(ബി) കണ്ടിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഫൻ ൫൦-ൽ.

(ഇ) കെട്ടിടം പണി ഗവൺമെണ്ടുതന്നെ നടത്തുവാനാണുദ്ദേശം.

LAND REVENUE

*474. [42] **Sri. P. K. Krishnankutty Menon :** Will the Hon'ble Minister for Finance and Revenue be pleased to state.—

(*a*) the Land Revenue now payable per acre of wet and dry lands in the Travancore-Cochin portions of this State ;

(*b*) whether the Government have received complaints from the landlords of the Cochin area in respect of the difference in this matter ;

(*c*) what steps if any have the Government taken to make the taxation uniform ?

LIBRARY ARCHIVES Kerala Legislative Assembly